# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.01.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). **ഉന്നതവിദ്യാഭ്യാസ രംഗത്തെ സുപ്രധാന ചുവടുവെയ്പ്പായ ഒരു രാജ്യം, ഒരു സബ്സ്ക്രിപ്ഷൻ 'സംരംഭത്തിന് രാജ്യത്ത് തുടക്കം.**

**Government launches the "One Nation, One Subscription" initiative from today to provide seamless access to a wide range of digital knowledge resources to 1.8 crore students from Government funded higher education institutions.**

2) **പുതുവർഷത്തെ ആഘോഷപൂർവ്വം വരവേറ്റ് ലോകം. രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള നേതാക്കൾ ജനങ്ങൾക്ക് നവവത്സരാശംസകൾ നേർന്നു.**

**The world welcomed 2025 with grandeur festivities. President Draupadi Murmu, Vice President Jagdeep Dhankhar, and Prime Minister Narendra Modi extended greetings to the nation.**

3) **വയനാട് പുനരധിവാസത്തിന് സഹായം വാഗ്ദാനം ചെയ്തവരുമായി, മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചർച്ച പുരോഗമിക്കുന്നു.**

**Kerala Chief Minister Pinarayi Vijayan's discussion with those who have offered help for Wayanad rehabilitation in progress in Thiruvananthapuram.**

4) **പൊതുസ്ഥലങ്ങളിലെ മാലിന്യം വലിച്ചെറിയൽ തടയുന്നത് ലക്ഷ്യമിടുന്ന വലിച്ചെറിയൽ വിരുദ്ധ വാരാചരണത്തിന് കേരളത്തിൽ ഇന്ന് തുടക്കം.**

**Anti-littering week campaign will kick start in Kerala from today, to prevent the waste disposal in public places.**

5) **ആറ് അടിസ്ഥാന മേഖലകളിലെ രാജ്യത്തിൻറെ വ്യാവസായിക പ്രകടനത്തിൽ റെക്കോഡ് വർദ്ധന രേഖപ്പെടുത്തിയതായി കേന്ദ്ര സർക്കാർ.**

India's infrastructure output, which constitutes about two-fifths of the country's industrial production, surged to a four-month high in November.

6) **ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അതിശൈത്യം തുടരുന്നു. നിരവധി ട്രെയിനുകൾ വൈകിയോടുകയാണ്.**

The India Meteorological Department has forecast cold day conditions over various North Indian states. The movement of several trains has been affected by dense fog.

==================================================

## ONOS - (INTRO)

ഒരു രാജ്യം, ഒരു സബ്സ്ക്രിപ്ഷൻ ' സംരംഭത്തിന് രാജ്യത്ത് ഇന്ന് തുടക്കം . സർവകലാശാലകൾ, ഐ.ഐ.ടി കൾ തുടങ്ങി സർക്കാർ ധനസഹായം നൽകുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 1.8 കോടിയിലേറെ വിദ്യാർത്ഥികൾക്ക്, ലോകമെമ്പാടുമുള്ള മുൻനിര ജേണലുകളിലെ ഗവേഷണ ലേഖനങ്ങൾ പഠനത്തിനായി ലഭ്യമാക്കുന്ന സുപ്രധാന സംരംഭമാണിത്. ശാസ്ത്ര സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, മെഡിസിൻ, ഗണിതം, മാനേജ്മെൻ്റ്, സാമൂഹികശാസ്ത്രം, ഹ്യുമാനിറ്റീസ് എന്നീ മേഖലകളിലെ 13,400- ലധികം അന്താരാഷ്ട്ര ജേണലുകൾ ആദ്യ ഘട്ടത്തിൽ ഗവേഷകർക്ക് ലഭ്യമാക്കുന്നു. തുടർന്നുള്ള ഘട്ടങ്ങളിൽ, സ്വകാര്യ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും പിന്നീട് രാജ്യത്തെ എല്ലാ വ്യക്തികൾക്കും ഈ സൗകര്യം ലഭ്യമാക്കുമെന്ന് മുഖ്യ ശാസ്ത്ര ഉപദേഷ്ടാവ് പ്രൊഫ. അജയ് കുമാർ സൂദ് വ്യക്തമാക്കി.

**(ഹോൾഡ് വോയിസ്.............................)**

==================================================

## PREZ-PM NEW YEAR WISH

പുതുവർഷത്തെ ആഘോഷപൂർവ്വം വരവേറ്റ് ലോകം. സംഗീത നൃത്ത പരിപാടികളുടെയും, വർണശബളമായ ആഘോഷങ്ങളുടെയും നിറവിലാണ് ലോകരാജ്യങ്ങൾ 2025 നെ വരവേറ്റത്. നവവത്സര ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള നേതാക്കൾ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ശോഭനവും

സുസ്ഥിരവുമായ ഭാവി പടുത്തുയർത്തുന്നതിനായി ഒരുമിച്ച് പ്രവർത്തിക്കാൻ പുതുവർഷ ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ജനങ്ങളോട് ആഹ്വാനം ചെയ്തു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം സുപ്രധാന വർഷമാണ് 2025 എന്നും, വികസിത ഭാരതം എന്ന ലക്ഷ്യത്തിനായി എല്ലാവരും പ്രയത്നിക്കണമെന്നും ഉപരാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു. പുതുവർഷം ഏവർക്കും സന്തോഷവും വിജയവും പുതിയ അവസരങ്ങളും നൽകട്ടേയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസിച്ചു. കേരളത്തിലും വിപുലമായ ആഘോഷ പരിപാടികളാണ് നടന്നത്. കോവളം, വർക്കല, ഫോർട്ട് കൊച്ചി ഉൾപ്പെടെയുള്ള പ്രധാനകേന്ദ്രങ്ങളിൽ പുതുവർഷാഘോഷങ്ങളിൽ വർദ്ധിച്ച ജനത്തിരക്കാണ് അനുഭവപ്പെട്ടത്. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള നേതാക്കൾ ജനങ്ങൾക്ക് പുതുവർഷ ആശംസകൾ നേർന്നു.

=====================================================

**WAYANAD MEETING**

മുണ്ടക്കൈ, ചൂരൽമല പുനരധിവാസത്തിന് സഹായം വാഗ്ദാനം ചെയ്തവരുമായി, മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചർച്ച പുരോഗമിക്കുന്നു. സ്ഥലമേറ്റെടുപ്പിൻറെ വിശദാംശങ്ങൾ, ടൗൺഷിപ്പിൻറെയും വീടുകളുടെയും പ്ലാൻ എന്നിവ സർക്കാര് യോഗത്തിൽ അറിയിക്കുമെന്നാണ് സൂചന.

=====================================================

**MB RAJESH**

മാലിന്യം വലിച്ചെറിയുന്ന ശീലം ഉപേക്ഷിക്കുക എന്ന ലക്ഷ്യവുമായി വലിച്ചെറിയൽ വിരുദ്ധ വാരത്തിന് സംസ്ഥാനത്ത് ഇന്ന് തുടക്കം. മന്ത്രി എം ബി രാജേഷ് പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം ഇന്ന് തിരുവനന്തപുരത്ത് നിർവ്വഹിക്കും. റോഡുകളിൽ മാലിന്യം വലിച്ചെറിയുന്നത് തടയാൻ തദ്ദേശ സ്ഥാപനങ്ങൾ പൊതുബിന്നുകൾ കൂടുതലായി സ്ഥാപിക്കും. വാരാചരണത്തിൻറെ ഭാഗമായി എല്ലാ ജംഗ്ഷനുകളിലും ഈ മാസം 20 നകം ജനകീയ സമിതികൾ രൂപീകരിക്കും.

=================================================

## YOUTH WELFARE - (INTRO)

യുവജനങ്ങൾക്കായുള്ള അവസരങ്ങൾ രാജ്യത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടെ വളരെയധികം വർദ്ധിച്ചതായി കേന്ദ്ര സർക്കാർ. യുവജനക്ഷേമത്തിനായി നിരവധി നടപടികളാണ് ഇക്കാലയളവിൽ നടപ്പാക്കിയത്.

**ഒരു റിപ്പോർട്ട് ....**

**(VOICE....)**

=================================================

## DAY CORE INDUSTRIES DATA

ആറ് അടിസ്ഥാന മേഖലകളിലെ രാജ്യത്തിൻറെ വ്യാവസായിക പ്രകടനത്തിൽ റെക്കോഡ് വർദ്ധന രേഖപ്പെടുത്തിയതായി കേന്ദ്ര സർക്കാർ. സിമൻറ്, കൽക്കരി, ഉരുക്ക്, വൈദ്യുതി, റിഫൈനറി ഉത്പന്നങ്ങൾ, രാസവളം എന്നിവയുടെ ഉത്പാദനത്തിൽ കഴിഞ്ഞ നാല് മാസത്തിനിടെ മികച്ച നേട്ടമാണ് രാജ്യം കൈവരിച്ചിരിക്കുന്നത്. കൽക്കരി ഉത്പാദനത്തിൽ 7.5 ഉം, റിഫൈനറി ഉത്പന്നങ്ങളിൽ 2.9 ഉം, ഉരുക്ക് മേഖലയിൽ 4.8 ശതമാനവും വർദ്ധന നവംബറിൽ രേഖപ്പെടുത്തി. എന്നാൽ, അസംസ്കൃത എണ്ണ, പ്രകൃതി വാതക രംഗങ്ങളിലെ പ്രകടനത്തിൽ നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

=================================================

**ബ്രേക്ക്........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

=================================================

## GOVERNOR-PLEDGE

കേരള ഗവർണറായി രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നാളെ സത്യപ്രതിജ്ഞ ചെയ്യും. രാവിലെ 10.30 ന് രാജ്ഭവനിൽ നടക്കുന്ന ചടങ്ങിൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജംദാർ സത്യവാചകം ചൊല്ലി കൊടുക്കും. തിരുവനന്തപുരം വിമാനത്താവളത്തിൽ ഇന്ന് വൈകുന്നേരം എത്തുന്ന നിയുക്ത

ഗവർണറെ മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എ.എൻ. ഷംസീർ, മന്ത്രിമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിക്കും.

==============================================

**SIVAGIRI – (INTRO)**

ശിവഗിരി തീർത്ഥാടനത്തിൻറെ ഭാഗമായുള്ള സമ്മേളനങ്ങൾക്ക് ഇന്ന് സമാപനമാവും. വൈകുന്നേരം 5 മണിക്ക് ശിവഗിരിയിൽ നടക്കുന്ന ചടങ്ങ് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ചടങ്ങിൽ പങ്കെടുക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

**(വോയിസ്......)**

==============================================

**MANNAM JAYANTHI**

സാമൂഹിക പരിഷ്കർത്താവ് മന്നത്ത് പത്മനാഭൻറെ 148-ാ‍ാം ജയന്തി ആഘോഷങ്ങൾക്ക് തുടക്കമായി. പെരുന്ന എൻ എസ് എസ് ആസ്ഥാനത്ത് ഇന്നും നാളെയുമായാണ് ആഘോഷ പരിപാടികൾ നടക്കുന്നത്. മന്നം നഗറിൽ നടന്ന അഖില കേരള നായർ പ്രതിനിധി സമ്മേളനത്തിൽ എൻ എസ് എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ സംഘടനയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

==============================================

**GOLD CUP – KOZHIKODE**

സംസ്ഥാന സ്കൂൾ കലോത്സവത്തിൻറെ മുന്നോടിയായുള്ള സ്വർണ്ണകപ്പ് പ്രയാണത്തിന് കോഴിക്കോട് സ്വീകരണം നൽകി. കോഴിക്കോട് ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂളിലായിരുന്നു സ്വീകരണച്ചടങ്ങ്. ഘോഷയാത്ര മറ്റന്നാൾ തിരുവനന്തപുരത്ത് സമാപിക്കും. ഈ മാസം 4 മുതൽ 8 വരെയാണ് കലോത്സവം.

==============================================

## IMD-WEATHER

പഞ്ചാബ്, ഹരിയാന, ഡൽഹി, യു.പി തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അതിശൈത്യം തുടരുന്നു. ഹിമാചലിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും കനത്ത മൂടൽ മഞ്ഞാണ് അനുഭവപ്പെടുന്നത്. മധ്യേന്ത്യയിൽ അടുത്ത അഞ്ച് ദിവസം കൂടി ഇതേ കാലാവസ്ഥ തുടരുമെന്ന് കാലാവസ്ഥാ വിഭാഗം അറിയിച്ചു.

==================================================

## SRINAGAR - WEATHER

ജമ്മു & കശ്മീരിലും ശൈത്യ തരംഗം തുടരുന്നു. രാത്രി കാലങ്ങളിൽ താപനില പൂജ്യം ഡിഗ്രി സെൽഷ്യസിലും താഴെയാണ്. വരും ദിവസങ്ങളിൽ കനത്ത മഞ്ഞുവീഴ്ചയ്ക്ക് സാധ്യത ഉള്ളതായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. അതേസമയം, ശ്രീനഗർ ജമ്മു ദേശീയ പാതയിലൂടെയും ശ്രീനഗർ കാർഗിൽ റോഡിലൂടെയും ഉള്ള വാഹന ഗതാഗതത്തിന് തടസമില്ല.

==================================================

## TRAINS-DELAYED

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ മൂടൽ മഞ്ഞിനെ തുടർന്ന് നിരവധി ട്രെയിനുകൾ വൈകി ഓടുന്നതായി ഇന്ത്യൻ റെയിൽവേ. ഡൽഹിയിലേക്കുള്ള 22-ഓളം ട്രെയിനുകൾ രണ്ട് മണിക്കൂർ വരെ വൈകിയോടുകയാണ് . അയോധ്യ എക്സ്പ്രസ്, തെലങ്കാന എക്സ്പ്രസ്, പദ്മാവത് എക്സ്പ്രസ് ,സമ്പർക്ക് ക്രാന്തി എന്നിവ വൈകി ഓടുന്ന ട്രെയിനുകളിൽ ഉൾപ്പെടുന്നു. .

==================================================

## SRILANKA-FISHERMEN

ശ്രീലങ്കയിലെ ജയിലിൽ നിന്ന് മോചിതരായ 20 ഇന്ത്യൻ മത്സ്യത്തൊഴിലാളികൾ വിമാനമാർഗം ചെന്നൈയിൽ എത്തിച്ചേർന്നു. ഒരു വർഷം മുൻപാണ് തമിഴ്നാട്ടിലെ പുതുക്കോട്ടൈ, രാമനാഥപുരം, തൂത്തുക്കുടി ജില്ലകളിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ

നാവികസേന അറസ്റ്റ് ചെയ്യുത്. ഇന്ത്യ-ശ്രീലങ്കൻ സർക്കാരുകൾ തമ്മിലുള്ള ചർച്ചകൾക്ക് ശേഷമാണ് ഇവരെ വിട്ടയച്ചത്.

====================================================

## MORN. CLEAN GANGA - PROJECTS

ഗംഗ ശുചീകരണ ദേശീയ ദൗത്യത്തിൻറെ കീഴിൽ ഉത്തർപ്രദേശിലെ ചന്ദൗലി, മണിക്ക്പൂർ മേഖല കേന്ദ്രീകരിച്ചുള്ള 272 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. ബിഹാറിലെ ബക്സറിൽ നദീ സംരക്ഷണത്തിൻറെ ഭാഗമായി പ്രതിദിനം 50 ദശലക്ഷം ലിറ്റർ ശേഷിയുള്ള അത്യാധുനിക മലിനജല സംസ്കരണ പ്ലാൻറ് നിർമ്മിക്കാനുള്ള പദ്ധതിക്കും കേന്ദ്രം അനുമതി നൽകി.

====================================================

## GROUND WATER - REPORT

രാജ്യത്തെ മൊത്തം വാർഷിക ഭൂഗർഭജല തോത് 1,500 കോടി ക്യൂബിക് മീറ്ററായി വർദ്ധിച്ചു. ഭൂഗർഭജല ഉപയോഗം 300 കോടി ക്യൂബിക് മീറ്ററായി കുറഞ്ഞതായും ഭൂഗർഭ ജല അവലോകന റിപ്പോർട്ടിൽ പറയുന്നു. കേന്ദ്ര ഭൂഗർഭജല ബോർഡും സംസ്ഥാനങ്ങളും സംയുക്തമായാണ് റിപ്പോർട്ട് തയാറാക്കിയത്.

====================================================

## CHESS- WORLD BLITZ CHAMPIONSHIP

ലോക ബ്ലിറ്റ്സ് ചെസ് ചാമ്പ്യൻഷിപ്പ് കിരീടം നോർവീജിയൻ താരം മാഗ്നസ് കാൾസണും റഷ്യൻ താരം ഇയാൻ നെപോംനിഷിയും പങ്കിട്ടു. ഇന്നലെ ന്യൂയോർക്കിൽ നടന്ന അവസാന മത്സരത്തിലെ ടൈ ബ്രേക്ക് ഗെയിമുകൾ സമനിലയിൽ അവസാനിച്ചതോടെയാണ് കിരീടം പങ്കിടാൻ തീരുമാനമായത്. വനിതാ വിഭാഗം ഫൈനലിൽ ചൈനയുടെ ജു വെൻജുൻ , ചൈനയുടെ തന്നെ ലീ ടിംഗ്ജിയെ തോൽപ്പിച്ച് ലോക ബ്ലിറ്റ്സ് ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ഇന്ത്യയുടെ ആർ. വൈശാലിയെ സെമിഫൈനലിൽ പരാജയപ്പെടുത്തിയാണ് ജു വെൻജു ഫൈനലിൽ പ്രവേശിച്ചത്.

====================================================

====================================================

====================================================